**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2597** **27-02-2023 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ പുതുതായി ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | നിലവിൽ പ്രസ്തുത മണ്ഡലത്തിൽ സ്ഥാപിച്ച ചാർജിംഗ് സ്റ്റേഷനുകൾ പൂർണ്ണമായി പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമാക്കാമോ; ഈ ചാർജിംഗ് സ്റ്റേഷനുകളിൽ ഒരേ സമയം എത്ര വാഹനങ്ങൾ ചാർജ് ചെയ്യാൻ സാധിക്കുന്നുണ്ടെന്ന് അറിയിക്കാമോ? | (ബി) | നിലവിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ നെന്മാറയിലെ ചാർജിംഗ് സ്റ്റേഷന്റെ പ്രവർത്തനം ഈയിടെ സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്തതിനെ തുടർന്ന് ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവച്ചിരിക്കുകയാണ്. ഡൽഹി ആസ്ഥാനമായ Okaya പവർ എന്ന പ്രസ്തുത ഉപകരണ നിർമ്മാതാവിനെ അറിയിച്ചു. പ്രശ്നം പരിഹരിച്ച് ഒരാഴ്ചയ്ക്കും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ചാർജിംഗ് സ്റ്റേഷനിൽ ഒരേ സമയം മൂന്ന് വാഹനങ്ങൾ ചാർജ്ജ് ചെയ്യാൻ സാധിക്കുന്നതാണ്. കൂടാതെ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്, ഇതിൽ ഒരു സമയം ഒരു വാഹനത്തിന് ചാർജ്ജ് ചെയ്യാൻ കഴിയും. |

സെക്ഷൻ ഓഫീസർ